## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3044** **18-10-2016-ൽ മറുപടിയ്ക്ക്**

## സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ലോട്ടറിയിൽ നിന്ന് ധനസമാഹരണം

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സർക്കാരിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് 'കാരുണ്യ' മാതൃകയിൽ ലോട്ടറിയിൽ നിന്ന് ധനസമാഹരണം നടത്തുന്ന പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; ഇതിനായി പുതിയ ലോട്ടറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 19-02-2016-ലെ ജി.ഒ. (എം.എസ്.) 38/2016/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചൊവ്വാഴ്ചകളിൽ നറുക്കെടുത്തിരുന്ന 40/- രൂപ മുഖവിലയുള്ള ധനശ്രീ ലോട്ടറിയുടെ മുഖവില 50/- രൂപയാക്കി ഉയർത്തി 'സ്ത്രീശക്തി' എന്ന പേരിൽ സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. കാരുണ്യ/കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നടത്തിപ്പിനായി വിനിയോഗിക്കുന്ന അതേ മാതൃകയിൽ 'സ്ത്രീശക്തി' ലോട്ടറിയിൽ നിന്നുള്ള അറ്റാദായം വനിതകളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 'സ്ത്രീശക്തി പദ്ധതി' നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇത്തരം പുതിയ പദ്ധതികൾ വഴി പ്രതിവർഷം എന്ത് തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | സ്ത്രീശക്തി ലോട്ടറിയിൽ നിന്നും പ്രതിവർഷം ഏകദേശം 200 കോടി രൂപ അറ്റാദായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ലോട്ടറി വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഇതിനായി പുതിയ ഓഫീസുകൾ ആരംഭിയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ ഏജന്റുമാർക്കും ചെറുകിട വില്പനക്കാർക്കും സൗകര്യാർത്ഥം വിതരണം ചെയ്യുന്നതിന് 15 സബ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്. |

Jeyn

സെക്ഷൻ ഓഫീസർ.